വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) 2004-2005-ൽ കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) മൊത്തം 234.82 കോടി രൂപയുടെ മുതൽമുടക്കുള്ള പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്.

(സി) വിവിധ തലങ്ങളിൽ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളിൽ നിന്നും പഠനങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്. പദ്ധതി അനുവദിക്കുന്ന മുറയ്ക്ക് പ്രാദേശിക തലത്തിൽ വിശദമായ ചർച്ചകൾക്ക് ശേഷമാണ് പദ്ധതികൾ നടപ്പിലാക്കുക.

ഗോ സംവർദ്ധിനി പദ്ധതി

*10 [569] ശ്രീ. കെ. ബാബു:

„ ടി. വി. ചന്ദ്രമോഹൻ:

„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോ സംവർദ്ധിനി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(ബി) ഈ പദ്ധതിയനുസരിച്ച് ക്ഷീര കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. 16-12-2004 മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കൃത്രിമ ബീജാധാന സൗകര്യം ക്ഷീര കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം. ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 830 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുക, ഇൻകമിംഗ് സൗകര്യമുള്ള ഇത്തരം ഫോണുകൾ ഐ. ടി. കാർഡുപയോഗിച്ച് ക്ഷീരകർഷകന് പ്രയോജനപ്പെടുത്താവുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly